(ഡി) കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന് കീഴിൽ സംസ്ഥാനത്തെ ചിതറിക്കിടക്കുന്ന ചുമട്ടുതൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതിയുടെ ചെലവിനായി 528 ലക്ഷം രൂപ അനുവദിക്കണമെന്ന് കേരള നിയമസഭയുടെ വിഷയ നിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും) (2014-15) ശിപാർശ ചെയ്തിട്ടുണ്ട്. ടി ശിപാർശയിന്മേൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ചീഫ് എക്സിക്യൂട്ടീവിൽനിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ക്ഷീര കർഷകരെ ഉൾപ്പെടുത്താൻ നടപടി

151 (8211) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ക്ഷീര കർഷകരെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം വ്യക്തമാക്കുമോ ;

(ബി) ക്ഷീര കർഷകരെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) ഇപ്പോൾ പരിഗണനയിലില്ല.

കടിയേറ്റ തൊഴിലാളി ക്ഷേമനിധി

152 (8212) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് അന്യരാജ്യങ്ങളിൽനിന്നും, അന്യസംസ്ഥാനങ്ങളിൽ നിന്നും ആകെ എത്ര കടിയേറ്റ തൊഴിലാളികളുണ്ട് ; അതിൽ എത്ര തൊഴിലാളികൾ കടിയേറ്റ തൊഴിലാളിക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ക്ഷേമനിധിയിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ക്ഷേമനിധി ആനുകൂല്യങ്ങൾ ഇതുവരെ എത്ര പേർക്ക് ലഭിച്ചു ;

(ഡി) ഏറ്റവും കൂടുതൽ കടിയേറ്റ തൊഴിലാളികളുള്ളത് ഏത് ജില്ലയിലാണ് ; കടിയേറ്റ തൊഴിലാളികൾ പ്രധാനമായും ഏതെല്ലാം രാജ്യങ്ങളിൽനിന്നും, സംസ്ഥാനങ്ങളിൽ നിന്നും വന്നവരാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ജോലി ചെയ്യുന്ന മുഴുവൻ അന്യസംസ്ഥാന തൊഴിലാളികളുടെ കണക്കുകൾ ലഭ്യമല്ല. എന്നാൽ കടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 42353 അന്യസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്യ രാജ്യങ്ങളിൽ നിന്നുള്ള തൊഴിലാളികൾ കേരളത്തിനകത്ത് ജോലി ചെയ്യുന്നുണ്ടോ എന്നുള്ള വിവരങ്ങൾ ലഭ്യമല്ല.

(ബി) ടി പദ്ധതിയിൽ അംഗമാകുന്ന തൊഴിലാളികൾക്ക് മരണാനന്തര ആനുകൂല്യം, ആശ്വാസ ധനസഹായം, ചികിത്സാ ധനസഹായം, ടെർമിനൽ ബെനിഫിറ്റ്, മരണപ്പെടുന്ന തൊഴിലാളികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കാൻ ധനസഹായം, പ്രസവ ധനസഹായം, അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ഗ്രാന്റ് എന്നീ ആനുകൂല്യങ്ങളും നൽകുന്നു.

1.	അപകട മരണം സംഭവിച്ചവർക്ക്	: 50,000
2.	സ്വാഭാവിക മരണം	: 10,000
3.	ആശ്വാസ ധനസഹായം (പരമാവധി)	: 25,000
4.	ചികിത്സാ ധനസഹായം	: 25,000
5.	ടെർമിനൽ ബെനിഫിറ്റ്	: 10,000 രൂപമുതൽ 25,000 രൂപ വരെ
6.	ഭൗതിക ശരീരം നാട്ടിലെത്തിക്കാൻ	: 50,00 രൂപമുതൽ 15,000 രൂപ വരെ
7.	വിദ്യാഭ്യാസ ആനുകൂല്യം	: 1,000 രൂപമുതൽ 3,000 രൂപ വരെ
8.	പ്രസവാനുകൂല്യം	: മൂന്നു മാസത്തെ മിനിമം വേതനമോ, 15,000 രൂപയോ ഇതിൽ ഏതാണ് കുറവ് ആ തുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) മരണാനന്തര ആനുകൂല്യം : 13 പേർക്ക്

അപകട മരണം : 2 പേർക്ക്

സ്വാഭാവിക മരണം : 11 പേർക്ക്

ചികിത്സാ ധനസഹായം : 5 പേർക്ക്

ഭൗതിക ശരീരം നാട്ടിലെത്തിക്കാനുള്ള ധനസഹായം : 1 ആൾക്ക്

വിദ്യാഭ്യാസ ആനുകൂല്യം : 3 പേർക്ക്

പ്രസവ ധനസഹായം : 14 പേർക്ക്

ക്ഷേമനിധി ആനുകൂല്യം ഇതുവരെ 36 പേർക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) 2010-ലെ കടിയേറ്റ ക്ഷേമ പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ കടിയേറ്റ തൊഴിലാളികൾ ഉള്ളത് കണ്ണൂർ ജില്ലയിലാണ്. കടിയേറ്റ തൊഴിലാളികൾ പ്രധാനമായും ഉത്തർപ്രദേശ്, ആസ്സാം, പശ്ചിമബംഗാൾ, ബീഹാർ, ഒറീസ്സ എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് വരുന്നത്.

വിവിധ തൊഴിലാളി ക്ഷേമനിധികളിൽ പെൻഷനുകൾ

153 (8213) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വിവിധ തൊഴിലാളി ക്ഷേമനിധികളിൽ പെൻഷന് അർഹതയുള്ള എത്ര തൊഴിലാളികളാണ് ഉള്ളത് ; ഇവർക്ക് പെൻഷൻ നൽകുവാൻ ഒരു വർഷം എത്ര രൂപ ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ ;

(ബി) വർദ്ധിപ്പിച്ച പെൻഷന്റെ ആനുകൂല്യം എന്നുമുതലാണ് ലഭിക്കുന്നത് ; നിലവിലെ പെൻഷൻ എത്രയാണ് ;

(സി) പെൻഷൻ കുടിശ്ശികയായതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) അടുത്ത ഗഡു പെൻഷൻ എന്നുമുതൽ വിതരണം ചെയ്യും ?